# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T 6049 04.11.2016-ൽ മറുപടിയ്ക്ക്**

**വൈറസ് ബാധമൂലം ചത്തൊടുങ്ങുന്ന ചെമ്മീൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വൈറസ് ബാധമൂലം ചെമ്മീൻ വ്യാപകമായി ചത്തൊടുങ്ങുന്നത് മൂലം കർഷകർക്ക് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കർഷകർക്കായി ആശ്വാസ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | എ) ഉണ്ട്. ഇതിന് പരിഹാരമായി 2016-17 സാമ്പത്തിക വർഷം മത്സ്യസമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി ചെമ്മീൻ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ കൃഷി മേഖലയുടെ സുസ്ഥിര വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | ബി) ചെമ്മീൻ കൃഷി മേഖലയുടെ വികസനത്തിന് ഫിഷറീസ് വകുപ്പ് മുഖേന 2015-18 വർഷക്കാലയളവിൽ മത്സ്യസമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഘടക പദ്ധതിയാണ് പൊക്കാളി/ കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി. പി. സി. ആർ ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പ് വരുത്തിയ ചെമ്മീൻ വിത്താണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. 2016-17 വർഷം ചെമ്മീൻ കൃഷി ചെയ്യുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ട്. പ്രസ്തുത ഘടക പദ്ധതിയ്ക്ക് ഹെക്ടറിന് 20,000/- രൂപയാണ് സബ്സിഡിയായി നൽകിവരുന്നത്. ഓരോ വർഷവും സംസ്ഥാനത്ത് 3000 ഹെക്ടർ ഏരിയയിൽ ചെമ്മീൻകൃഷി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടു ണ്ട്. |

സെക്ഷൻ ആഫീസർ